

प्रधान मंत्री
Prime Minister

# ആമുഖം

(മലയാള പരിഭാഷ)

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് കഠിനാധ്വാനികളായ ജനതയിലാണ്. രാജ്യം ഭരിച്ച സർക്കാരുകൾ രാജ്യത്തെ വികസനപഥത്തിൽ മുന്നോട്ടു നടത്തുന്നതിൽ അവരുടെ ചുമതല ഉത്തരവാദിത്തപൂർവം നിർവഹിച്ചിരുന്നോ എന്നതിനെപ്പറ്റി നമുക്ക് സംവാദങ്ങളാകാം. എന്നാൽ ഇന്ത്യൻ ജനത സ്വന്തം ചുമതലകൾ നിറവേറ്റിയിരുന്നോ എന്ന കാര്യത്തിൽ സംവാദത്തിൻറെയോ സന്ദേഹത്തിൻറെയോ ആവശ്യമേയില്ല. സൗകര്യങ്ങൾ ലഭ്യമായിരുന്നാലും ഇല്ലെങ്കിലും, സർക്കാരുകൾ പിന്തുണച്ചാലും ഇല്ലെങ്കിലും ഈ ജനത രാജ്യത്തെ മുന്നോട്ടു നയിച്ചു കൊണ്ടേയിരിക്കുന്നു.

ഞങ്ങൾക്കു കഴിയും എന്ന 130 കോടി ഇന്ത്യൻ ജനതയുടെ ഈ ആത്മവിശ്വാസത്തിന് ശക്തിപകരാനുള്ള ഏറ്റവും മികച്ച മാർഗം അവരുടെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായമേകുക എന്നതാണ്. രാജ്യത്തെ ജനങ്ങളുടെ ക്ഷേമവും ജീവിതനിലവാരവും ഉയർത്താൻ അക്ഷീണയത്നമാണ് സർക്കാർ 2014 മുതൽ നടത്തുന്നത്. സ്വന്തം കുടുംബത്തിന്റെ അഭിവൃദ്ധി സ്വപ്നം കാണുകയും എന്നാൽ അത് സഫലീകരിക്കാൻ മാർഗമില്ലാതെ പ്രയാസപ്പെടുകയും ചെയ്യുന്ന സാധാരണ ഇന്ത്യക്കാരിലാണ് ഞങ്ങൾ ശ്രദ്ധ പതിപ്പിച്ചത്.

വേഗം, മാനദണ്ഡം, ഒറ്റക്കെട്ടായ പ്രവർത്തനം - ഈ മൂന്നു ഘടകങ്ങൾ പിന്തുടരുക വഴി എല്ലാവർക്കും വീട്, എല്ലാ കുടുംബങ്ങൾക്കും വൈദ്യുത കണക്ഷൻ, ശുചിമുറി സൗകര്യം, സ്ത്രീകൾക്ക് പുകപടലങ്ങളില്ലാത്ത ജീവിതം, എല്ലാ കുടുംബങ്ങൾക്കും സാമ്പത്തിക സഹായങ്ങൾ, സാമൂഹിക സുരക്ഷ, താങ്ങാൻ കഴിയുന്ന ചികിൽസാച്ചെലവിൽ ആരോഗ്യസംരക്ഷണം, റോഡുകൾ, ബ്രോഡ് ബാൻഡ് കണക്ടിവിറ്റി തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ജനങ്ങൾക്കു നൽകാൻ നമുക്ക് സാധിച്ചു. അസാധ്യമെന്നു കരുതിയ പലകാര്യങ്ങളും ജനപിന്തുണയുടെ കരുത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞു.

ഞാൻ വിദ്യാർഥിയായിരുന്ന കാലത്തു മാത്രമല്ല, ഇപ്പോഴും സ്കൂളുകൾ പഠിപ്പിക്കുന്നത്, ശുദ്ധമായ കുടിവെള്ള ലഭ്യത മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണെന്നാണ്. കുടിവെള്ളം അടിസ്ഥാന ആവശ്യകതയാണെന്ന് ദശാബ്ദങ്ങളായി പറഞ്ഞു കൊണ്ടിരിക്കുമ്പോഴും അത് എല്ലായിടത്തും ലഭ്യമാക്കാനാവുന്നില്ലെങ്കിൽ ഈ നൂറ്റാണ്ടിൽ ഇന്ത്യയ്ക്കെങ്ങനെ ലോകത്തെ നയിക്കുന്ന ശക്തിയാകാൻ കഴിയും? അതുകൊണ്ട് നമ്മൾ ഒരു മഹത്തായ തീരുമാനമെടുത്തു, 2024 ആകുമ്പോഴേക്കും

രാജ്യത്താകെയുള്ള 18 കോടി ഗ്രാമീണ വീടുകളിൽ കുടിവെള്ളം നേരിട്ടെത്തിക്കും. ഈ ശ്രമകരമായ ദൗത്യം വിജയത്തിലെത്തിക്കാൻ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നമ്മൾ ജല ജീവൻ പദ്ധതിക്കു രൂപം നൽകി. ഈ പദ്ധതി വഴി വീടുകളിലേക്ക് ടാപ്പ് വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല, ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദിഷ്ടമായ ഗുണമേന്മയോടെ ദീർഘകാലത്തേക്ക് മുടങ്ങാതെ നൽകുക കൂടിയാണ് ലക്ഷ്യം.

പൊതുജനാരോഗ്യത്തിൻറെ അടിത്തറ ശുദ്ധമായ കുടിവെള്ള ലഭ്യതയിലാണ്. ഗുരുതര രോഗങ്ങൾ പലതും പകരുന്നത് കുടിവെള്ളത്തിലൂടെയാണ്. സുരക്ഷിതമായ കുടിവെള്ള ലഭ്യത കൊണ്ടു മാത്രം ലോകത്തിലെ ലക്ഷക്കണക്കിനു ശിശുമരണങ്ങൾ തടയാൻ കഴിയുമെന്ന് നിരവധി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. പൈപ്പ് വഴി വെള്ളം എന്നത് ദരിദ്ര വിഭാഗങ്ങളുടെ ആരോഗ്യക്ഷേമത്തിൽ പരമപ്രധാനമാണ്. കാരണം ശുദ്ധമായ വെള്ളത്തിന്റെ അഭാവമാണ് പാവപ്പെട്ട ജനങ്ങളെ പലപ്പോഴും രോഗങ്ങളുടെ ഇരകളാക്കുന്നത്. ഗ്രാമീണ സ്ത്രീകളാവും ഈ പദ്ധതി കൊണ്ട് വലിയ ആശ്വാസം നേടുന്ന മറ്റൊരു വിഭാഗം. ഇറ്റു വെള്ളത്തിനായി കിലോമീറ്ററുകളോളം അലയേണ്ട ദുരിതസ്ഥിതിയിൽനിന്ന് ഇവർക്ക് മോചനമുണ്ടാകും. വിറകടുപ്പുകളിൽനിന്ന് ഉജ്ജ്വല പദ്ധതി വഴി മോചനമുണ്ടായതുപോലെ സമയവും ഊർജവും ലാഭിക്കാനും സുരക്ഷ ഉറപ്പാക്കാനും വീടുകളിൽ കുടിവെള്ള ലഭ്യത ഉണ്ടാകുന്നതിലൂടെ കഴിയുന്നു.

ഉത്തരവാദിത്തപ്പെട്ട എല്ലാവരും, പ്രത്യേകിച്ച് ഗ്രാമീണ കൂട്ടായ്മകൾ ഈ ഉദ്യമത്തിൽ പങ്കാളികളായി മുന്നോട്ടു വരാൻ ഞാൻ ആഹ്വാനം ചെയ്യുകയാണ്. കുടിവെള്ളം എല്ലാവരുടെയും കൂട്ടുത്തരവാദിത്തമായി മാറണം. ഇതൊരു ജനകീയ പ്രസ്ഥാനമാകണം, കുടിവെള്ളം എല്ലാവരുടേതുമാകണം. ദീർഘകാല കുടിവെള്ള സുരക്ഷ ഉറപ്പാക്കാൻ തദ്ദേശ കൂട്ടായ്മകളും ഗ്രാമപഞ്ചായത്തുകളും മുന്നോട്ടുവരേണ്ടത് വളരെ പ്രധാനമാണ്. ഗ്രാമീണ ജല വിതരണത്തിന്റെയും സ്രോതസ്സുകളുടെ പരിപാലനത്തിന്റെയും ജല പുനരുപയോഗത്തിന്റെയും ചുമതലയും അവർ ഏറ്റെടുക്കണം. ഈ പദ്ധതിക്കു കീഴിൽ നിർമിക്കപ്പെടുന്ന ആസ്തികളുടെ ഉടമസ്ഥർ തങ്ങളാണെന്ന ചുമതലാബോധം അവർക്കുണ്ടാകണം.

ഓരോ തുള്ളി വെള്ളവും സംരക്ഷിക്കാനും എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കാനും അതുവഴി ഭാവി തലമുറയ്ക്കു കൂടി സുരക്ഷിതമായ ജല ലഭ്യത ഉറപ്പു വരുത്താനുമായി നമുക്ക് കൂട്ടായി പ്രയത്നിക്കാം. ജല ജീവൻ മിഷന് എന്റെ എല്ലാവിധ ആശംസകളും...!

**(ഒപ്പ്)**

**നരേന്ദ്ര മോദി**

ന്യൂഡൽഹി
21 ഡിസംബർ 2019